(ബി) ഒന്നര വർഷമായി സിഗ്നൽ ലൈറ്റ് തകരാറിലാണ്.

(സി) കെൽട്രോൺ അധികാരികളുമായി ബന്ധപ്പെട്ട് സിഗ്നൽ ലൈറ്റ് സംവിധാനം പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ സംവിധാനം

312 (3134) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മോട്ടോർ വാഹന വകുപ്പിൽ നികുതികളും മറ്റും ഓൺലൈനായി അടയ്ക്കാനുള്ള സംവിധാനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ;

(ബി) ഇതുവഴി എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കാമോ ;

(സി) പ്രസ്തുത പദ്ധതിയുമായി സഹകരിക്കുന്നത് ആരെല്ലാമാണ് ;

(ഡി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) മോട്ടോർ വാഹനവകുപ്പിൽ 19 സേവനങ്ങൾക്ക് ഓൺലൈനായി പണമടയ്ക്കുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. കൂടാതെ പുതുതായി രജിസ്റ്റർ ചെയ്യുന്ന നോൺ-ട്രാൻസ്പോർട്ട് വാഹനങ്ങളുടെ നികുതിയും ഓൺലൈനായി അടയ്ക്കാവുന്നതാണ്. എല്ലാത്തരം വാഹനങ്ങളുടേയും നികുതി ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ്വെയർ തയ്യാറാക്കിവരുന്നു.

(ബി) മോട്ടോർ വാഹന വകുപ്പിന്റെ സേവനങ്ങൾ ആവശ്യമായിവരുന്ന പൊതുജനങ്ങൾക്ക് സൗകര്യപ്രദമായും ഓഫീസുകളിൽ പോകാതെയും അത്യാവശ്യ സർവ്വീസുകൾ ലഭ്യമാക്കുക, ഓഫീസുകളിലെ തിരക്ക് ഒഴിവാക്കുക എന്നീ ഉദ്ദേശങ്ങളോടെയാണ് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മോട്ടോർ വാഹന വകുപ്പിന് ഈ വിഷയത്തിൽ സാങ്കേതിക സഹായം നൽകുന്നത് എൻ.ഐ.സി. (NIC) ആണ്.

(ഡി) ഓൺലൈൻ ആയി അപേക്ഷാഫീസുകൾ, നികുതി എന്നിവ അടയ്ക്കുന്നതിനായി 26-8-2011-ലെ ജി.ഒ.(ആർടി.)നമ്പർ 387/2011/ട്രാൻസ് സർക്കാർ ഉത്തരവ് പ്രകാരം എസ്.ബി.ടി./എസ്.ബി.ഐ. എന്നീ ബാങ്കുകളെ ഉൾപ്പെടുത്തി ഓൺലൈനായി ഫീസ്/ടാക്സ് എന്നിവ അടയ്ക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

ലോഫ്ലോർ ബസ്സുകൾ

313 (3135) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ എത്ര പുതിയ ലോഫ്ളോർ ബസ്സുകൾ നിരത്തിലിറക്കിയിട്ടുണ്ട് ; ഇവ സർവ്വീസ് നടത്തുന്ന റൂട്ട് ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) കാസർഗോഡ് ജില്ലയിൽ ലോഫ്ളോർ ബസ്സുകൾ സർവ്വീസ് ആരംഭിക്കാൻ വൈകുന്നത് എന്തുകൊണ്ടാണ് ; അതിർത്തിപ്രദേശം എന്ന നിലയിലും പിന്നോക്ക ജില്ല എന്ന നിലയിലും ലോഫ്ളോർ ബസ്സുകളുടെ കാര്യത്തിൽ കാസർഗോഡിന് നൽകിയ പരിഗണന വ്യക്തമാക്കാമോ ;

(സി) ലോഫ്ലോർ ബസ്സുകളുടെ സർവ്വീസ് നടത്തിപ്പിനായി ക്ലസ്റ്ററുകൾക്ക് രൂപം നൽകിയിട്ടുണ്ടോ ; പ്രസ്തുത ക്ലസ്റ്ററുകൾകൊണ്ട് എന്താണുദ്ദേശിക്കുന്നത് ; ഇതിന്റെ പ്രവർത്തനരീതി വിശദീകരിക്കാമോ ?

ഉത്തരം

(എ) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ 119 പുതിയ ലോ ഫ്ലോർ ബസ്സുകൾ (76 എ.സി., 43 നോൺ എ.സി.) നിരത്തിലിറക്കിയിട്ടുണ്ട്. ഈ ബസ്സുകൾ സർവ്വീസ് നടത്തുന്ന റൂട്ടുകൾ ജില്ല തിരിച്ച് താഴെപ്പറയും പ്രകാരമാണ് :

LIBRARY ARCHIVES Kerala Legislative Assembly